(ബി) ഈ കാര്യത്തിൽ ഗവമ്മെണ്ടിൽനിന്നും നടത്തിയിട്ടുള്ള പ്രാഥമിക അന്വേഷണങ്ങളും നടപടികളും എന്നു മുതലാണ് ഈ പ്രസ്താവം ഈ പ്രസംഗത്തെ കൊച്ചി ഗവമ്മെണ്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതായ പ്രസ്താവനകൊണ്ടു അറിയാവുന്നതാണ്.

(സി) മുൻചോദ്യത്തിന്റെ മറുപടികൊണ്ടു ഇതിനും മറുപടി ആവശ്യമില്ല.

Dispensary at Chennamangalam.

91. മിസ്റ്റർ എ. കുഞ്ഞുമൊയ്തീൻ.—(എ) ചേന്ദമംഗലത്തു ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടേണമെന്നു ചേന്ദമംഗലം വില്ലേജ് നിവാസികൾ ഗവമ്മെണ്ടിനോടു അപേക്ഷിച്ചിട്ടുണ്ടോ എന്നു ദയവായി പറയുമോ?

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി ഗവമ്മെണ്ടു ദയവായി ആലോചിക്കുമോ?

ദിവാൻ ബഹദൂർ ഡാക്ടർ വി. വർഗീസ്.—(എ) ഉവ്വു.

(ബി) ചേന്ദമംഗലത്തിനടുത്തു കൊടുങ്ങല്ലൂർ ഒരു ഡിസ്പെൻസറി ഉള്ള സ്ഥിതിക്കു ചേന്ദമംഗലത്തു പ്രത്യേകം ഒരു ഡിസ്പെൻസറിക്കു ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ. എ. കുഞ്ഞുമൊയ്തീൻ.—ചേന്ദമംഗലം വില്ലേജിൽനിന്നു കൊടുങ്ങല്ലൂക്കു എത്ര നാഴിക അകലമുണ്ടു?

മിസ്റ്റർ. എ. കെ. വെങ്കു അയ്യർ.—കവിഞ്ഞാൽ നാലു നാഴിക ഉണ്ടാകുമായിരിക്കാം.

മിസ്റ്റർ. എ. കുഞ്ഞുമൊയ്തീൻ.—ഇതിനിടയ്ക്കു പുഴകടവല്ലതും ഉണ്ടോ?

മിസ്റ്റർ. എ. കെ. വെങ്കു അയ്യർ.—ചേന്ദമംഗലത്തിന്റെ നാലുപുറവും പുഴകടം തന്നെയാണു.

Widening of the Arappu Thodu.

92. മിസ്റ്റർ എ. കുഞ്ഞുമൊയ്തീൻ.—(എ) ജനങ്ങൾക്കു ജീവാപായംകൂടാതെ യാത്രചെയ്യാനും സുരക്ഷിതമായി കച്ചവടച്ചരക്കുകൾ കയറ്റിഅയക്കുവാനും അതിനാപേക്ഷിതമായിരിക്കുന്ന ബ്ലാങ്ങാച്ചാലിതോടു അറപ്പുതോടു മുതലായവ വീതിയിലും ആഴത്തിലും ഉടനടി വെട്ടിത്തെളിയിക്കുവാൻ ഗവമ്മെണ്ടു വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ എന്നു ദയവു വിചാരിച്ചു പറയാമോ?

(ബി) ഉണ്ടെങ്കിൽ അതുസംബന്ധമായ കടലാസ്സുകൾ മേശപ്പുറത്തു വെക്കുവാൻ കനിവുണ്ടാകുമോ?

റാവു ബഹദൂർ മിസ്റ്റർ ജോണകുട്ടി.—(എ) ഉവ്വു. കാര്യം അന്വേഷണത്തിൽ ഇരിക്കുന്നു. ഈ ആവശ്യത്തിലേക്കു ഫിനാൻസ് ബഡ്ജറ്റിൽ 5,000 രൂപ കണ്ടിട്ടുണ്ടു.

(ബി) അന്വേഷണം പൂർത്തിയാവാത്തകാര്യത്തിൽ അതുസംബന്ധമായ കടലാസ്സുകൾ മെശപ്പുറത്തു വെക്കേണ്ട ആവശ്യം കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. എ. കുഞ്ഞുമൊയ്തീൻ.— ബഡ്ജറിൽ അറപ്പു തോടിന്റെ പണികഴിക്കായി ൨,൫൦൦ രൂപ വക കണ്ടിട്ടുണ്ട്. അതിൽ ബ്ലാങ്ങാച്ചാലിന്റെ പണിയും ഉൾപ്പെട്ടുമോ?

റാവുബഹദൂർ മിസ്റ്റർ ജോൺ കുയ്ൻ.—ഉൾപ്പെട്ടും. വാസ്തവത്തിൽ അറപ്പുതോടു എന്നുപറയുന്നതു് വടക്കു നിന്നും തെക്കോട്ടേയ്ക്കു് രണ്ടു ശാഖയായി പിരിയുന്നു. അതിൽ ഒന്നു് അറപ്പു തോടും മറ്റേതു് ബ്ലാങ്ങ്ചാലിത്തോടും. അതിൽ അറപ്പു തോടു് കടലിനോടു് വളരെ സമീപിച്ചിരിക്കുന്നു. അതുകൊണ്ടു് അറപ്പു തോടിന്റെ തെക്കെ അറ്റം ചെയ്യേണ്ട പണികൾ ബ്ലാങ്ങച്ചാലിൽ തന്നെ ചെയ്യും.

മിസ്റ്റർ. എ. കുഞ്ഞുമൊയ്തീൻ. — മുകുന്ദപുരം താലൂക്കിൽ അറപ്പുതോടിന്റെ ഭാഗം എത്രകണ്ടു് നീളത്തിൽ കിടക്കുന്നു?

റാവു ബഹദൂർ മിസ്റ്റർ ജോൺ കുയ്ൻ.—അതു് എന്നേക്കാൾ മെംബറിനു് തന്നെ അറിയാമല്ലൊ?

മിസ്റ്റർ. എ. കുഞ്ഞുമൊയ്തീൻ.—എത്രയാണ്ടു് നിശ്ചയമുള്ളതുകൊണ്ടുതന്നെയാണു് ചോദിക്കുന്നതു്.

റാവു ബഹദൂർ മിസ്റ്റർ ജോൺ കുയ്ൻ.—സൂക്ഷ്മം പറയണമെങ്കിൽ പ്ലാൻ നോക്കേണ്ടിയിരിക്കുന്നു.

മിസ്റ്റർ. എ. കുഞ്ഞുമൊയ്തീൻ. — മുകുന്ദപുരത്തിൽ കിടക്കുന്ന അറപ്പു തോടിന്റെ നീളത്തിൽ മൂന്നിരട്ടിയിലധികം ഭാഗം കൊടുങ്ങല്ലൂർ താലൂക്കിലാണു്. എന്നിട്ടും മുകുന്ദപുരം താലൂക്കിൽ കിടക്കുന്ന ഭാഗത്തിനുവേണ്ടി ൩,൦൦൦ രൂപാ അനുവദിച്ചിട്ടുണ്ടു്. ¼ മാത്രമുള്ള ആ ഭാഗത്തിനു് ഇത്രയും രൂപാ വേണ്ടിവരുമെങ്കിൽ കൊടുങ്ങല്ലൂർ ഭാഗത്തിനു് ഇതു മതിയാകുമോ?

റാവു ബഹദൂർ മിസ്റ്റർ. ജോൺ കുയ്ൻ.—രൂപാ കൂടുതൽ വേണമെന്നുണ്ടെങ്കിൽ കൂടുതൽ ചിലവാക്കാം. വേണ്ടതുപോലെ ആലോചിച്ചു ചെയ്യാം.

മിസ്റ്റർ. എ. കുഞ്ഞുമൊയ്തീൻ. — തെക്കുനിന്നും വടക്കോട്ടാണു് പണി തുടങ്ങേണ്ടതു്. അല്ലാത്തപക്ഷം മുകുന്ദപുരം ഭാഗത്തുള്ള വക്കും ആ തോടുകൊണ്ടുള്ള ഗുണം അനുഭവിക്കുവാൻ ഇടവരികയില്ല. അവക്കും അസൌകര്യം ഉണ്ടാകും. പണിയും സുസാദ്ധ്യമാവുകയുമില്ല.

റാവു ബഹദൂർ മിസ്റ്റർ ജോൺ കുയ്ൻ.—അങ്ങിനെ തന്നെ നോക്കാം.

Sale of Rosewood.

93. Mr. C. A. Kunjunni Raja.—Will the Government be pleased

(1) to place on the Table of the House a copy of the agreement dated 12th July 1925 with Mr. Mugaseth for the supply of rosewood and to state;—

LIBRARY ARCHIVES Kerala Legislative Assembly